

# *യാക്കോബായ സുറിയാനി സഭ*

# ഉയിർപ്പ് പെരുന്നാളിന്റെ സ്ലീബാ ആഘോഷം

*(പരിശുദ്ധ സഭയുടെ ആണ്ടു തക്സയിൽ നിന്നു പകർത്തിയത്)*

*ആരാധാനക്രമങ്ങൾ സുലഭമല്ലാത്ത മിദ്യാൻ ദേശത്ത് താമസിക്കുന്നവർക്കായി തയ്യാറാക്കിയത്. ഇത് പൂർണ്ണമായും ടെപ്പ്ചെയ്ത് ക്രമീകരിച്ചതാകയാലും മറ്റൊരാൾ പകർപ്പ് പരിശോധന നിർവ്വഹിച്ചിട്ടില്ലാത്തതിനാലും തെറ്റുകൾക്ക് ഉത്തരവാദി ഞാൻ മാത്രമായിരിക്കും.*

SAMAJAM

Land of Midian, Since 2002 June 29th

PIECE OF WOOD IN MARAH

SAINT MARY'S JACOBITE MOVEMENT


*Type set by: Daniel B Daniel (Chev),*
*Initiator and founder of SAMAJAM,*
*Kadeesa Church, Paitel, Kayamkulam*
*appa_3d@yahoo.co.uk, whatsapp-966 532190078*



*Prepared and published on 2017 April*

ഞങ്ങൾക്കല്ല കർത്താവെ,

ഞങ്ങൾക്കല്ല,

എന്നാലോ നിന്റെ കൃപ നിമിത്തവും

നിന്റെ സത്യം നിമിത്തവും

തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!

(സങ്കീർത്തനങ്ങൾ 114 : 9 - വിശുദ്ധ ഗ്രന്ഥം)

# മലങ്കര യാക്കോബായ സുറിയാനി സഭ
# ഉയിർപ്പ് പെരുന്നാളിന്റെ സ്ലീബാ ആഘോഷം

*(രാത്രി പ്രാർത്ഥനയുടെ മൂന്നാം കൗമയുടെ അവസാനത്തിൽ ഹാലേലുയ്യായ്ക്കു മുമ്പായി പട്ടക്കാരും ശെമ്മാശന്മാരും മദ്ബഹയിൽ പ്രവേശിച്ച് അംശവസ്ത്രങ്ങൾ ധരിച്ച് ധൂപക്കുറ്റിയുമെടുത്തുകൊണ്ട് ചെന്ന് കബറിൽ നിന്ന് സ്ലീബായെടുത്ത് കബറിൽ വച്ചപ്പോഴുണ്ടായിരുന്ന വസ്ത്രങ്ങൾ നീക്കി ആഘോഷത്തിനനുയോജ്യമായ വിശിഷ്ടവസ്ത്രങ്ങൾ അണിയിക്കുന്നു. ആദൂമിൽനിന്ന് ചുവന്ന വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് വരുന്നവൻ ഇവൻ ആര്, (ഏശായാ ൬൩:൧) എന്നാദിയായി ഏശായാ ദീർഘദർശി പറഞ്ഞിരിക്കുന്നതനുസരിച്ച് വസ്ത്രങ്ങൾ ചുവപ്പു നിറമുള്ളവയായിരിക്കണം. അനന്തരം കുരിശു ത്രോണോസിന് മുമ്പിൽ മ്നോർത്തോയിൽ നാട്ടി ഇരുവശവും മെഴുകുതിരികളും വച്ചശേഷം താഴെക്കാണുന്ന കുക്കിലിയോൻ മുതൽ ബോവൂസ്സോയുടെ അവസാനം വരെയുള്ളത് മദ്ബഹായിലുള്ളവർ മാത്രം രഹസ്യമായി ചൊല്ലുന്നു)*

### <u>കുക്കിലിയോൻ</u>

ദൈവമുയിർത്തു വൈരിഗണം ചിതറി-ഹാലേ... ഉ.. ഹാലേ
എതിരാളികളോടിയൊളിക്കും-തിരുമുമ്പിൽ

പകയന്മാർ പുകപോൽ മായും - ഹാ... ഉ ഹാലേ...
കർതൃസമക്ഷം നാശം പൂകും-നീചന്മാർ

നിദ്രിതനെപ്പോൽ കർത്താവെഴുന്നേറ്റു ഹാ... ഉ ഹാ..
വീഞ്ഞുകുടിച്ചു മദം-പൂണ്ടോൻ പോൽ

പ്രഹരിച്ചോടിച്ചാൻ രിപുനിവഹത്തെ.. ഹാ... ഉ.ഹാ..
ഉലകിതിലവരെ നീ നി-ന്ദിതരാക്കി
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

### <u>എക്കബൊ</u>

ജീവദനെ! മ്ശിഹാ നാഥാ! നീ മഹിമാവൊടു കബറീന്നെഴുന്നേറ്റു-മാനവവത്സലനുത്തമനേ! വീണവനാമാദാമ്മിനെ നീ നിന്നൊടു കൂടെഴുന്നേലിപിച്ചു-മനുജ പ്രിയനേ! കനിവൊടു ഞങ്ങൾക്കരുളുക മഹിമയെഴും നിൻ ശാന്തി
*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

### <u>പ്രുമിയോൻ - സെദറാ</u>

### <u>( കൂക്കോയോ )</u>

ബലവാൻ ബലമൊടെഴുന്നേറ്റു കല്ലറയിൽ നി-ന്നും
വിസ്മിതനായ് നിബി സവിധം പൂണ്ടേവം ചോദി-ച്ചു
അങ്കിചുവന്നും-പാർശ്വം മുറിവാർന്നും
പാണിതുളഞ്ഞും-കാണുന്നെന്തീ-ശാ!
ചക്കുചവിട്ടീ മൃതുപുരിയിൽ വീര്യത്തോടൊ-റ്റ-
യ്ക്കാപത്തുകളെ നേരിട്ടിട്ടാണ്ടേൻ രക്തത്തിൻ
ഹാലേലുയ്യാ-ഉത്ഥാനം ചെയ്തോൻ
*ബാറെക്മോർ - (ശുബഹോ)*
ശുഭാതയോലും വസനമണിഞ്ഞിന്നിരു-ദൂത-ന്മാർ
വാനിൽ നിന്നൂഴിയിലെത്തിക്കബറിങ്കൽ നി-ന്നു
അഗ്ന്യാത്മീയർ-ഞങ്ങളോടുരചെ-യ്തു

മൃത്യുപുരത്തിൽ-എന്താരായു-ന്നു
ദൈവം പ്രീതിപ്പെട്ടു കടം മായിച്ചെന്നേ-വം
പ്രഖ്യാപനമാദാമ്യർക്കായെഴതപ്പെട്ട-ല്ലൊ
ഹാലേ... ഉ ഹാലേ...
*മൊറിയോറാഹേമേലെൻ ഉ ആദാറെൻ*

## <u>മോർ യാക്കോബിന്റെ ബോവൂസോ</u>

ക്യംതായാലേ തൻ സഭയെ രക്ഷിച്ചോൻ സൂനോ!
ശൈനോ നൽകി ത്തൽസുതരേ നീ രക്ഷിച്ചാലും

യോഹന്നാനീന്നും സഭയേ കേൾ പാഞ്ഞോരാട്ടിൻ
കൂട്ടത്തെച്ചേർത്തോരിടയൻ തൻ പുനരുത്ഥാനം

പായാനാംയംകൂടിയ ശിഷ്യൻ പുനരുത്ഥാനം
ദർശിച്ചതിനാൽ തൽക്കാര്യങ്ങൾ വിശദം ചൊല്ലും

ഒന്നാംനാളിൽ രാവിലെ മറിയം പോയ് കബറിങ്കൽ
വാതിൽക്കല്ലുൽപാടിതമായെന്നീക്ഷിച്ചപ്പോൾ

ആനന്ദത്താൽ യോഹന്നാൻ ശിമോനിവർ തന്റെ
ചാരേചെന്നിട്ടാവൃത്താന്തം ബോധിപ്പിച്ചാൾ

രക്ഷയെ നൽകാൻ സുതനേവിട്ടോൻ താതൻസ്തുത്യൻ
തേജസ്സോടക്കബറീന്നേറ്റോൻ പുത്രൻ വന്ദ്യൻ

നാശത്തീന്നും ശുദ്ധനെ വീണ്ടോൻ റൂഹാ! സ്തോത്രം
ത്രിത്വേഒന്നായ് സ്ഥിതിചെയ്-വോനേ! സ്തോത്രം സ്തോത്രം

ഭൂസ്വർഗ്ഗസ്ഥന്മാർക്കായ് ശ്ലോമ്മോ നൽകിയ നാഥാ!
ശ്ലോമ്മോനൽകീട്ടുത്ഥാനത്താൽ സഭയെ കാക്ക

***(അനന്തരം പ്രധാന പട്ടക്കാരൻ കുരിശു കൈയ്യിലെടുത്തു പടിഞ്ഞാറോട്ട് തിരിഞ്ഞു നിൽക്കുകയും ഇരുവശവും മെഴുകുതിരികളും മറുവഹാസാകളും പിടിക്കുകയും ചെയ്തശേഷം മറ വലിക്കുകയും ചെയ്തിട്ട് പട്ടക്കാരൻ താഴെ കാണുന്ന പ്രഖ്യാപനം ഉച്ചത്തിൽ ചെയ്യുന്നു)***

പട്ടക്കാരൻ :- എന്റെ സഹോദരങ്ങളേ! ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മ്ശിഹാ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ പിന്നിലേയ്ക്കു അടിച്ചോടിച്ചിരിക്കുന്നു.

ജനം :- സത്യമായിട്ട് താൻ ഉയർത്തെഴുന്നേറ്റു എന്നു ഞങ്ങൾ വിശ്വസിച്ചു ഏറ്റു പറയുന്നു

(ഇങ്ങനെ മൂന്നുപ്രാവശ്യം വിളിച്ചു പറഞ്ഞശേഷം മദ്ബഹാവാതിൽക്കൽ മദ്ധ്യേയായി കുരിശു മ്നോർത്തോയിൽ നാട്ടി ഇരുവശവും മെഴുകുതിരികളും മറുവഹസാകളും വച്ചിട്ട് ഹാലേലുയ്യാ ചൊല്ലി പ്രാർത്ഥന തുടരുന്നു. പ്രാർത്ഥന മുഴുവൻ പൂർത്തിയാക്കി വി.കുർബാന ചൊല്ലുന്ന പട്ടക്കാരൻ തുയോബോയും നടത്തിയ ശേഷം കുരിശെടുത്ത് ത്രോണോസിന്മേൽ വച്ചുകൊണ്ട് ക്രമം ആരംഭിക്കുന്നു)

പട്ടക്കാരൻ : പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി
ജനം : ബലഹീനരും പാപകളുമായ...

## പ്രാർത്ഥന

ഞങ്ങളുടെ ഉദ്ധാരണത്തെപ്രതി കഷ്ടതകളും കുരിശും അനുഭവിച്ചവനും മനസ്സോടെ മരിച്ച് ഞങ്ങളുടെ മരണാവസ്ഥയെ രക്ഷിച്ചവനും കബറിൽ നിന്നെഴുന്നേറ്റു തന്നോടുകൂടെ ഞങ്ങളെ പുനരുത്ഥാനം ചെയ്യിച്ചവനും ആയ മ്ശിഹാതമ്പുരാനേ! നിന്റെ മഹനീയമായ പുനരുത്ഥാനപ്പെരുന്നാളിൽ ഞങ്ങളെ സന്തോഷിപ്പിക്കേണമെ. നിന്റെ നിരപ്പും സമാധാനവും ഞങ്ങളിൽ വസിപ്പിക്കേണമെ. നിന്റെ മഹാകരുണയാൽ ഞങ്ങളെ ദർശിക്കണമേ. ദയാ പൂർവ്വം ഞങ്ങളുടെ വേദനകളേയും രോഗങ്ങളേയും ശമിപ്പിക്കേണമെ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! നിന്റെ പെരുന്നാളിനെ ആനന്ദപൂർവ്വം ഞങ്ങൾ ആഘോഷിക്കത്തക്കവണ്ണം എല്ലാവിധശിക്ഷകളിൽനിന്നും കോപവടികളിൽ നിന്നും മനസ്സലിവോടുകൂടെ ഞങ്ങളെ സംരക്ഷിച്ചുകൊള്ളണമെ. മോറാൻ വാ.........

## 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട് കരുണചെയ്യണമെ...മൊറിയോ..

## ( എനിയോനൊ - അത്ത്ദ്ബക്യൊംതൊ )

മോദം ഭൂസ്വർഗ്ഗങ്ങൾ-ക്കുത്ഥാനത്താൽ ചേ-ർത്തോ-നെ!
മോ-ദം നൽകി-സഭയെ സ്ലീബായാൽ കാത്ത്-
ദേവേശാ! ദയ ചെയ്തീടേണം
ലജ്ജിതരായ് കുരിശിച്ചോർ-നമ്പിയൊരന്യർക്കാ-ന-ന്ദം

ഉ-ത്ഥാനത്തിൽ-സഭയും സുതരും പാടുന്നു-
ദേവേശാ! ദയ ചെയ്തീടേണം
ദൂദജനം ഖേദിപ്പൂ-ശിഷ്യകളാനന്ദി-ക്കു-ന്നു
ദൂ-തൊടു ശിഷ്യർ-സന്ദർശിക്കുന്നന്യോന്യം
ദേവേശാ! ദയ ചെയ്തീടേണം
ഉത്ഥാനത്താൽ മോദം-ഖേദം പൂകിയ ശി-ഷ്യ-ർക്കും
ശ്ലോ-മ്മോവിൺമൺ-ലോകർക്കുദാനം ചെയ്ത-
ദേവേശാ! ദയ ചെയ്തീടേണം
പരിമിളമത്തിരുമെയ്യിൽ-പൂശാൻ പോയൊരു ന-ല്ലാർതൻ
ഉൾ-ക്കാമ്പുകളെമോദം കൊണ്ടു നിറച്ചോനേ!
ദേവേശാ! ദയ ചെയ്തീടേണം
ഉത്ഥിതനായ് ഗുരുമുമ്പേ-പോയി ഗലീലെയ്ക്കെ-ന്നോതിൻ
പ്രേ-ഷിതരോടെ-ന്നംഗനമാരൊടു കല്പിച്ച
ദേവേശാ! ദയ ചെയ്തീടേണം
നാഥാ! നിൻശ്ലോമ്മോയാൽ-ഞങ്ങൾക്കേകുക സന്തോ-ഷം
ചേ-ർക്കുക വലമായ്-ഞങ്ങളെ നിന്നുത്ഥാനത്തിൽ
ദേവേശാ! ദയ ചെയ്തീടേണം
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ഉത്ഥാനപ്പെരുന്നാളിൽ-മോഡിപ്പിച്ചോനേ! താ-താ!
സൂ-നോ! വിമലൻ - റൂഹാ! സ്തുതി ഹാലേലുയ്യാ
ദേവേശാ! ദയ ചെയ്തീടേണം

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## <u>പ്രുമിയോൻ</u>

## <u>കൂക്കോയൊ</u>

ശ്ലോമ്മോ ശ്ലോമ്മോ സവിധകരേ! ദൂരസ്ഥന്മാരെ!
മ്ശിഹായുത്ഥിതനൊന്നിച്ചു-ചിതറിപ്പോയോരെ
തോമ്മാശ്ലീഹാ-വിശ്വാസം പൂണ്ടു
സ്ഥിരനായ് ശീമോൻ - മാലഖിലം മാഞ്ഞു
മൗലി മറച്ചു കയ്യാപ്പാ-സംഘം കേഴുന്നു
സഭയും മറിയാമും പ്രിയരും സ്തുതി പാടീടുന്നു
ഹാലേലുയ്യാ- ഉ ഹാലേലുയ്യാ
*ബാറെക്മോർ - (ശുബഹോ)*

ഉത്ഥാനദിനേ സൗധത്തിൽ-കൽപ്പിച്ചാൻ നാഥൻ
ശിഷ്യന്മാരൊടു വത്സലരേ! ശ്ലോമ്മോ എന്നേവം
അഴലും വ്യഥയും - പാടേ മായിച്ചു
ശമമൊടു ശാന്തി-നൽകി പരിപൂർണ്ണം
അരുളിചെയ്താൻ നിങ്ങളിലി-ശ്ലോമ്മോ വാഴട്ടെ
ദുഷ്ടനിൽനിന്നും രക്ഷിതരാ-മതിനാൽ ദിനരാത്രം
ഹാലേലുയ്യാ- ഉ ഹാലേലുയ്യാ

***(ഇവിടെ സ്ലീബാ, ഏവൻഗേലിയോൻ, കുട കൊടി ആദിയായവയോടുകൂടി വടക്കേ വാതിൽവഴി ഇറങ്ങി പ്രദിക്ഷിണം നടത്തി തെക്കേ വാതിൽവഴി പ്രവേശിക്കുന്നു )***

## പ്രദക്ഷിണ ഗീതം - കും പൗലോസ്

ഓ മറിയാമേ! ഞാൻ-തോട്ടക്കാ-രൻ തന്നെ
ഞാൻ പറുദീസായേ-സ്ഥാപിച്ചോൻ ശ്രേ-ഷ്ഠൻ
ഓ മറിയാമേ! ഞാൻ-ജീവികൾ തൻ-ജീവൻ താൻ
പുനരുജ്ജീവനമോ-ടെഴുന്നേൽപും ഞാൻ-തൻ
ഞാൻ കൊ-ല്ലപ്പെട്ടോൻ
ഞാൻ ക-ല്ലറയാർന്നോൻ
തൊട്ടീ-ടരുതേ, ഞാൻ
താതാ-ന്തിക മേറീട്ടില്ല
മഹിമയൊടക്കബറീ-ന്നെഴുന്നേറ്റ-നെന്നേവം
ശിഷ്യന്മാരോടായ്-നീ സുവിശേഷി-ക്ക

*(പള്ളിയിൽ പ്രവേശിച്ചയുടനെ വായനകൾ)*

*( സുമ്മോറൊ )*

നാഥാ! പരിശുദ്ധൻ തൻ-സഭയിൽ വാനിടമങ്ങയുടെ
വിസ്മയകരമാം കാര്യങ്ങൾ-സാക്ഷിക്കും വിശ്വാസമതും

സ്വർഗ്ഗോപരിയാം സ്വർഗ്ഗത്തിൽ-കർത്താവിനു സന്നിഭവനേവൻ
ദൂതരിലാരുണ്ടവനുസമൻ - പാവനസഭയിൽ ഞാനെന്നും
വാഴ്ത്തും കർത്താവിൻ കൃപയെ-ഘോഷിച്ചിടുമെന്നെന്നേക്കും
വിശ്വാസത്തേയോൻവദനം-ഹാലേലുയ്യാ

ലേവ്യ 23 : 26 32 മീഖാ 7 ; 8 - 13 ഏശായാ 57 : 19 20, 60 : 17 - 22

1 പത്രോസ് 5 : 5 14 റോമർ 10 : 1 - 27

*പെത്ഗോമൊ*

ഹാലേ.. ഉ ഹാലേ.. വാനാന്ദിക്കും ക്ഷിതി
സന്തോഷിക്കും - മ്ശിഹാരാജാവിന്നുത്ഥാനത്തിൽ ഹാലേ....

## ഏവൻഗേലിയോൻ

യോഹ 13 : 34 25, 14 : 27, 15 : 11 - 15, 17 - 19

*(അനന്തരം ബീമായിലൊ മദ്ബഹയിലൊ നിന്നുകൊണ്ട് സ്ലീബാ ആഘോഷം)*

## കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട്

## പ്രാർത്ഥന

തന്റെ വധത്താൽ മേലുള്ളവർക്കു ശാന്തിനൽകിയ സമാധാനവും തന്റെ ബലി സമർപ്പണത്താൽ താഴെയുള്ളവരെ രമ്യമാക്കിയ നിരപ്പും തന്റെ സ്ലീബായാൽ വിജാതീയരെ രക്ഷിച്ച രക്ഷിതാവും ഭിന്നിച്ചിരുന്നവരെ തന്റെ പുനരുത്ഥാനത്താൽ യോജിപ്പിച്ച സ്നേഹവും ആയ കർത്താവേ! നിന്റെ ഈ പുനരുത്ഥാന ദിവസത്തിൽ ഭൂതലത്തിലെ കലഹത്തെ ശമിപ്പിക്കണമെ. എല്ലാവിധ ഉപദ്രവത്തിൽ നിന്നും നിന്റെ സ്ലീബായാൽ ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തോത്രം ചെയ്യുമാറാകണമെ. ഹോശോ....

*(മസ്അക്കോനൂസൊ)*

നാഥാ! കരുണാ സാഗരമേ! - പുനരുത്ഥാനപ്പോരുന്നാളിൽ നിന്മാനത്തിനു യോഗ്യമതാം - വചനങ്ങളെ ഞാൻ പാടീടും, നിൻസ്ലീബായാൽ രക്ഷിതരാം പുറജാതികളിപ്പെരുന്നാളിൽ സ്തുതിയാൽ നിന്നെക്കീർത്തിക്കും - ഞങ്ങളുമർത്ഥിച്ചോതുന്നു.

*കുറിയേലായിസോൻ... കുറിയേലായിസോൻ .. കുറിയേലായിസോൻ*

## പടിഞ്ഞാറോട്ട് തിരിഞ്ഞു കൊണ്ട് പ്രാർത്ഥന

ഞങ്ങളുടെ മ്ശിഹാതമ്പുരാനേ! നിന്റെ പുനരുത്ഥാനത്തിൽ ഞങ്ങൾ സന്തോഷിച്ച് ആഹ്ളാദിച്ച് ആനന്ദിക്കുന്നു. നിന്റെ നിരപ്പും സമാധാനവും ഞങ്ങളിൽ വാഴുമാറാകണമെ. നിന്റെ സ്നേഹവും പ്രീതിയും ഞങ്ങളിൽ വസിപ്പിക്കണമെ. നിന്റെ സ്ലീബായെ വന്ദിക്കുവാനും നിന്റെ പുനരുത്ഥാനത്തെ ഏറ്റു പറയുവാനും ഞങ്ങൾക്കു കൃപനൽകണമെ. ഞങ്ങളേയും ഞങ്ങളുടെ മരിച്ചുപോയവരേയും നിന്റെ രാജ്യത്തിൽ ആനന്ദിപ്പിക്കേണമെ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമെ! നിന്റെ കർത്യ ത്വത്തെ ഞങ്ങൾ സ്തുതിക്കുമാറാകണമെ. മോറാൻ.....

*(മസ്അക്കോനൂസൊ)*

ഉത്ഥാനത്തിൽ പരമാർത്ഥം-ബോധപ്പെട്ടെല്ലാവർക്കും
എങ്കിലുമിതിലാമൂഢജനം-ഹന്തനിഷേധമുയർത്തുന്നു
യൂദജനത്താൽ ക്രൂശിതനോ-മഹിമയോടക്ക്ബെറീന്നേറി
പ്രാർത്ഥനയോടുധുനാഞങ്ങൾ-അർത്ഥിച്ചീവിധമോതുന്നു
*കുറിയേലായിസോൻ... കുറിയേലായിസോൻ .. കുറിയേലായിസോൻ*

## വടക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട് പ്രാർത്ഥന

ദൈവമായ കർത്താവേ! നിന്റെ സ്ലീബായുടെ പാർശ്വങ്ങളിൽ മറയ്ക്കപ്പെടുവാനും നിന്റെ പുനരു ത്ഥാനത്തിൽ സദൃശ്വരായിത്തീരുവാനും നിന്റെ ഉയിർപ്പിൽ വിശ്വസിക്കുവാനും നിന്റെ ഏവൻഗേലിയോ നിലെ കൽപ്പനകളെ ആചരിക്കുവാനും നിന്റെ ഇഷ്ടം പ്രവർത്തിക്കുവാനും നിന്റെ ന്യായപ്രമാണം അനുഷ്ഠിക്കുവാനും നിന്നെ സ്നേഹിച്ചവരായ നീതിമാന്മാരുടേയും പുണ്യവാന്മാരുടേയും പ്രാർത്ഥന കളിൽ അഭയം പ്രാപിച്ച് സഹായം ലഭിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ. അവരുടെ അപേക്ഷ കൾമൂലം ഞങ്ങൾക്കും ഞങ്ങളുടെ പരേതർക്കും പാപപരിഹാരം നൽകണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധറൂഹായേയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തോത്രം ചെയ്യുമാറാകണമെ. ഹോശോ...

*(മസ്അക്കോനൂസൊ)*

കർത്താവേ! നിൻജനതതിമേ-ലാർദ്രതകാണിച്ചീടണമെ
താവകമാമവകാശത്തിൽ-ലേശമജാഗ്രത കാട്ടരുതേ.
നിൻ സ്ലീബായിൻ വൻകൊടിയാൽ-ക്രൈസ്തവമകുടമുർത്തണമെ
പ്രാർത്ഥനയോടുധനാഞങ്ങൾ-അർത്ഥിച്ചീവിധമോതുന്നു
*കുറിയേലായിസോൻ... കുറിയേലായിസോൻ .. കുറിയേലായിസോൻ*

## തെക്കോട്ട് തിരിഞ്ഞുനിന്നു കൊണ്ട് പ്രാർത്ഥന

ദൈവമായ കർത്താവേ! മൂന്നാം ദിവസമുള്ള നിന്റെ പുനരുത്ഥാനത്തിന്റെ ഈ ദിവസത്തെ സ്വർഗ്ഗീയ സൈന്യങ്ങളോടൊരുമിച്ച് പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആനന്ദപൂർവ്വം നിന്റെ പെരുനാളുകൾ കൊണ്ടാടി നിന്നിൽനിന്ന് നന്മകളും അനുഗ്രഹങ്ങളും പ്രാപിക്കുവാനും ഞങ്ങളെ അർഹരാക്കണമെ. നിന്റെ വിശുദ്ധ സ്ലീബായാലും വിശുദ്ധന്മാരിൽ വസിച്ചിരിക്കുന്ന നിന്റെ ശക്തിയാലും കോപത്തിന്റെ വടികളും സകല ശിക്ഷകളും ഞങ്ങളിൽനിന്ന് നീക്കിക്കളയണമെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിച്ചു സ്തോത്രം ചെയ്യുമാറാകണമെ. ഹോശോ....

*(മസ്അക്കോനൂസൊ)*

പീഡിതനും രോഗാർത്തനും-സാധുവിനും ധനഹീനനും
ഗതിയറ്റോനും വിധവയ്ക്കും-തുണയായ് നാഥൻ മേന്മയെഴും
തൻശാന്തിയെയീജനതയിലും-സഭയിതിലും നിവസിപ്പിക്കാൻ
പ്രാർത്ഥനയോടധുനാഞങ്ങൾ-അർത്ഥിച്ചീവിധമോതുന്നു.
*കുറിയേലായിസോൻ... കുറിയേലായിസോൻ .. കുറിയേലായിസോൻ*

*വീണ്ടും കിഴക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ട്*

പട്ടക്കാരൻ : ദൂതന്മാർ സേ-വിപ്പോനേ!
ജനം : ഈശാ! നീ പരിശുദ്ധൻ
പട്ടക്കാരൻ : ക്രോബേന്മാർ വാഴ്ത്തുന്നോനേ!
ജനം : ശക്താ! നീ പരിശുദ്ധൻ
പട്ടക്കാരൻ : സ്രാപ്പികൾ കാദീ-ശാർപ്പോനേ!
ജനം : മൃതിഹീനാ! നീ പരിശൂദ്ധൻ
പട്ടക്കാരൻ : പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു
ജനം : ഞങ്ങൾക്കായ് പുനരുത്ഥിതനേ! കൃപ ചെയ്യേണം

പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നു കൊണ്ട്

പട്ടക്കാരൻ : തീമയർ ഹാലൽ-ചൊൽവോനേ!
ജനം : ഈശാ! നീ പരിശുദ്ധൻ
പട്ടക്കാരൻ : ആത്മീയർ ശ്ലാ-ഘിപ്പോനേ!
ജനം : ശക്താ! നീ പരിശുദ്ധൻ
പട്ടക്കാരൻ : മണ്മയരാഘോ-ഷിപ്പോനേ!
ജനം : മൃതിഹീനാ! നീ പരിശുദ്ധൻ
പട്ടക്കാരൻ : വിശ്വാസിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു
ജനം : ഞങ്ങൾക്കായ് പുനരുത്ഥിതനേ ! കൃപ ചെയ്യേണം

വടക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ട്

പട്ടക്കാരൻ : മേലുള്ളവർ മാ-നിപ്പോനേ!
ജനം : ഈശാ! നീ പരിശുദ്ധൻ
പട്ടക്കാരൻ : മദ്ധ്യമർ കീർത്തി-ക്കുന്നോനേ!
ജനം : ശക്താ! നീ പരിശുദ്ധൻ
പട്ടക്കാരൻ : കീഴുള്ളോർ കൂ-പ്പുന്നോനേ!
ജനം : മൃതിഹീനാ! നീ പരിശുദ്ധൻ
പട്ടക്കാരൻ : പാപികളനുതാപത്തോടൊർത്ഥിച്ചോതുന്നു
ജനം : ഞങ്ങൾക്കായ് പുനരുത്ഥിതനേ ! കൃപ ചെയ്യേണം

തെക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട്

പട്ടക്കാരൻ : നാഥാ! കൃപ ചെയ്തീടേണം
ജനം : നാഥാ! കൃപചെയ്യുക കനിവാൽ
പട്ടക്കാരൻ : നാഥാ! കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപചെയ്തീടേണം
ജനം : ദേവേശാ! തേ സ്തേത്രം
പട്ടക്കാരൻ : സൃഷ്ടാവേ! തേ സ്തോത്രം
ജനം : പാപികളാം ദാസരിലലിയും മ്ശിഹാരാജാവേ! സ്തോത്രം, ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

അനന്തരം മദ്ബഹായിൽ പ്രവേശിച്ച് കുരിശു ത്രോണോസിന്മേൽ വച്ചശേഷം പട്ടക്കാരെല്ലാവരും ഓരോരുത്തരായി ആദ്യം ത്രോണോസും പിന്നെ കുരിശൂം ഏവൻഗേലിയോനും മുത്തി പരസ്പരം സമാധാനം കൊടുക്കണം. ആ സമയത്ത് താഴെ കാണുന്ന ഗീതം ചൊല്ലണം.)

<u>(ബ്സപ്പറൊ ഹസാവുയ്)</u>

ശ്ലോമ്മോ-ബലിവേദി! സ്ലീബാ!
ശ്ലോമ്മോ-നിർമ്മലമാം-കബറേ!
ശ്ലോമ്മോ-ഏവൻഗേ-ല്യോനേ!
ശുദ്ധ-ന്മാരേ! വൈദി-കരേ!
ശ്ലോമ്മോ-ശെമ്മാശ്ശന്മാരേ!
സഭതന്നാത്മജരേ! ശ്ലോമ്മോ
ഞങ്ങൾ - ക്കുളവായീടട്ടെ
നാഥാ! രക്ഷകനേ! മ്ശിഹാ!
നിൻ ശ്ലോ-മ്മോയും ശൈ-നോയും
തമ്മിൽ - ചുംബിക്ക-ട്ടെങ്ങൾ
എങ്ങും-ലോകാന്ത്യത്തോളം
നിൻശ്ലോ-മ്മോ വാണീ-ടട്ടേ
ശുശ്രൂ-ഷകരേ! ജനമേ! കേൾ
പരിശു-ദ്ധാചാര്യ-ന്മാരേ!
ശുദ്ധ-ന്മാർ തൻവാ-ഴ വേൽപ്പിൻ
ശ്ലോമ്മാ-യന്യോന്യം-നൽകിൻ
വാസം-ചെയ്തീടട്ടെന്നും
കർത്താ-വിൻ ശ്ലോമ്മോ-നമ്മിൽ
നല്ലു-ത്ഥാനത്തിൻ നാളോ
ടായുഷ്-ക്കാലത്തെ-ന്നാളും
ഞങ്ങൾ-ക്കുളവായീ-ടട്ടെ
താതൻ-ദൈവത്തിൻ-ശൈനൊ
ഏകൻ-പുത്രൻ തൻ ശ്ലോമ്മോ
ശുദ്ധാ-ത്മാവിന്നാ-വാസം

ദയറാ-ദേവാഗാരങ്ങൾ
ക്കീശാ! കാവൽ നിൻ-ശാന്തി
സ്ലീബാ-യാൽ ശുദ്ധ-തനൽകി
പ്പെരുന്നാളിൽ മോദി-പ്പിക്ക
നിൻശ്ലോ-മ്മോയും ശൈനോയും
ഞങ്ങൾ-സഹിതം വാ-ഴട്ടെ

***(മദ്ബഹായിലുള്ളവരെല്ലാവരും സമാധാനം നൽകിയശേഷം കുരിശെടുത്തു മദ്ബഹാ വാതുക്കൽ വയ്ക്കുകയും അപ്പോൾ ജനങ്ങളെല്ലാവരും കുരിശു മുത്തി സമാധാനം കൊടുക്കുകയും ചെയ്യുന്നു. അപ്പോൾ താഴെ കാണുന്ന ഗീതം ചൊല്ലണം.)***

***(ഹ ദൌ ആമ്മെ)***

ജാതികളെ! മോദിപ്പിൻ - മറിയാമോ-തി
താതനെയാ-ർന്നെൻ തനയൻ-കബറീന്നേ-റി
ദ്യുതിസുതരേ! ദ്യുതിസുതരേ! - ദ്യുതിയാസ-ന്നം
പാരൊളിയാം-പകലതിനെ-സ്തോത്രം ചെ-യ്-വിൻ

ഉപഗതമാ-യുത്ഥാനം-ശിഷ്യന്മാ-രേ!
കരയായ്-വിൻ-കരയായ്-വിൻ-ഗുരുവെഴുന്നേ-റ്റു

പ്രഭ കണ്ടി-ട്ടാരെന്നവളാരായു-ന്നു
ഇതു ഞാൻ താ-നെന്നവളെ-ബോധിപ്പി-ച്ചാൻ

മറിയാം താ-നുൻമുഖിയായി-നിലകൊള്ളു-ന്നോൾ

വെളിവാകാ-ൻവരുമവനെ കണ്ടാളാ-ദ്യം

ഉഴറിച്ചെ-ന്നറിയിപ്പിൻ-ശ്ലീഹന്മാ-രെ
ഉയിരാർന്നേ-നുയിരാർന്നേൻ-പതറീടേണ്ട.

ഗുരുവുയിരാർ-ന്നെന്നോരുനൽ-ദൂതേകീ-ടിൻ
നൽപകലിൽ-ഭാഗ്യമെഴും-ശ്ലീഹന്മാ-ർക്കായ്

മൃതിപുരിയെ-പ്പാഴാക്കിയ-മൃതനായോൻ-താൻ
മണവറയിൽ-ദൂതരിതാ-വെള്ളങ്കി-ക്കാർ

തോഷമൊട-പ്രേഷിതരോ-ടോതി സ്ത്രീ-കൾ
ധീരതയൊടു-മേവിൻഗുരു-ജീവൻ നേ-ടി

ശീമോനേ! വീക്ഷിക്കുക-പരമോത്ഥാനം
അവനേയേ-റ്റിക്ഷിതിയിൽ-നീ സാക്ഷി-ക്കുക

സുതനുയിർപൂ-ണ്ടീഹൂദാ-മൃതനായ് താ-നേ
കയ്യാപ്പാ-തലതാഴ്ത്തി - ഹന്നാൻ വെ-മ്പി

വാനവരാ-വനിതകളോ-ടറിയിക്കു-ന്നു
മണവാളൻ-മൃതിപുരയൂന്നുയിരാർന്നേ-റി

പാഞ്ഞൊളിവിൽ - പോയൊരേ-മിഴിനീർനീ-ക്കിൻ
ഗുരുവുയിരാ-ർന്നുന്നമനം - മൗലിയ്ക്കേ-കിൻ

വൻപ്രഭയാൽ - കാവൽക്കാർ-വിറയൽ പൂ-ണ്ടു
നിരനിരയായ്-ദൂതന്മാർ-സത്യം പാ-ടി

പ്രഭനിശയേ-ബന്ധിച്ചു-പുലർകാല-ത്തിൽ
പ്രഭയുദ്ധം-ചെയ്തതിനാ-ലിരുൾ മായു-ന്നു

നിദ്രയ്ക്കായ്-വീരൻ മൃതി-ലോകം പൂ-കി
മതിയാകാ-ഞ്ഞുണർവാർന്ന-പ്പൂരിധൂളി-ച്ചാൻ

മ്ശിഹായാം-പൊൻപുലരി! സ്തോത്രം സ്തോ-ത്രം
സ്തോത്രം തേ-താത വിശു-ദ്ധാത്മാവിന്നും

*** ഉയിർപ്പു ശുശ്രൂശകൾ സമാപ്തം ****

## ഞങ്ങൾക്കല്ല കർത്താവെ, ഞങ്ങൾക്കല്ല,
## എന്നാലോ നിന്റെ കൃപ നിമിത്തവും
## നിന്റെ സത്യം നിമിത്തവും
## തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!
## (സങ്കീർത്തനങ്ങൾ 114 : 9 - വിശുദ്ധ ഗ്രന്ഥം)